**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3814** **03-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിൽ പി.എസ്.സി.യുടെ ഓൺലൈൻ പരീക്ഷാ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പി.എസ്.സി.യുടെ എത്ര ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | 7 ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിൽ പി.എസ്.സി.യുടെ ഓൺലൈൻ പരീക്ഷാ കേന്ദ്രം ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഒരു ഓൺലൈൻ പരീക്ഷാ കേന്ദ്രം പ്രവർത്തിക്കുന്നു. Vimal Jyothi College of Engineering, Chemperi, Sree Narayana Guru College of Engineering and Technology, Payyannur എന്നിവിടങ്ങളിലും ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പരിശോധിച്ച് വരുന്നു. കൂടാതെ കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ കണ്ണൂർ ജില്ല ആഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനു ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. ജില്ല ആഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനോടൊപ്പം ഓൺലൈൻ പരീക്ഷാ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികളും പി.എസ്.സി. സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ